


# നിങ്ങളുടെ വിളിയോട് വിട്ടുവീഴ്ച അരുത്

ആശിഷ് റൈച്ചൂർ

സൗജന്യ വിതരണത്തിന വേണ്ടി മാത്രമുള്ളത്
അച്ചടിയും വിതരണവും: ഓൾ പീപ്പിൾസ് ചർച്ച് & വേൾഡ് ഔട്ട്റീച്ച്, ബാംഗ്ളൂർ, ഇന്ത്യ.
ആദ്യപതിപ്പിന്റെ അച്ചടി: October 2015
പരിഷ്കരിച്ച ഡിജിറ്റൽ പതിപ്പിന്റെ അച്ചടി: May 2021

സമാഹരണം ആശിഷ് റൈച്ചൂർ

**ബന്ധപ്പെടേണ്ട വിലാസം:**

All Peoples Church & World Outreach,
# 319, 2nd Floor, 7th Main, HRBR Layout, 2nd Block,
Kalyan Nagar, Bangalore 560 043 Karnataka, INDIA

Phone: +91-80-25452617
Email: bookrequest@apcwo.org
Website: **apcwo.org**

നൽകപ്പെട്ടിരിക്കുന്ന തിരുവെഴുത്തിന്റെ ഉദ്ധരണികളെല്ലാം വിശുദ്ധ വേദപുസ്തകത്തിന്റെ, ന്യൂ കിംഗ് ജെയിംസ് പതിപ്പിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

Copyright © 1982 by Thomas Nelson, Inc., Used by permission. All rights reserved.

ബൈബിൾ നിർവ്വചനങ്ങളും എബ്രായ, ഗ്രീക്ക് പദങ്ങളും അവയുടെ അർത്ഥങ്ങളും താഴെ പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും എടുത്തിട്ടുള്ളവയാണ്:

Thayer's Greek Definitions. Published in 1886, 1889; public domain.
Strong's Hebrew and Greek Dictionaries, Strong's Exhaustive Concordance by James Strong, S.T.D., LL.D. Published in 1890; public domain.
Vine's Complete Expository Dictionary of Old and New Testament Words, © 1984, 1996, Thomas Nelson, Inc., Nashville, TN.

**സാമ്പത്തിക സഹകരണം**

ഓൾ പീപ്പിൾസ് ചർച്ചിലെ അംഗങ്ങളുടെയും പങ്കാളികളുടെയും അഭ്യുദയകാംക്ഷികളുടെയും സാമ്പത്തിക സഹായത്താലാണ് ഈ പ്രസിദ്ധീകരണത്തിന്റെ സൗജന്യ വിതരണം സാധ്യമാക്കിയത്. ഈ സൗജന്യ പ്രസിദ്ധീകരണത്തിലൂടെ നിങ്ങൾക്ക് പ്രയോജനം ലഭിച്ചു എങ്കിൽ ഓൾ പീപ്പിൾസ് ചർച്ച് സൗജന്യമായി പ്രസിദ്ധീകരിക്കുന്ന എല്ലാ പ്രസിദ്ധീകരണങ്ങളും അച്ചടിക്കുന്നതിനും വിതരണത്തിനുമായി സാമ്പത്തികമായ സംഭാവനകൾ ഞങ്ങൾ നിങ്ങളിൽ നിന്നും ക്ഷണിക്കുന്നു. നിങ്ങളുടെ സംഭാവനകൾ എങ്ങനെ നൽകാമെന്നതിനെക്കുറിച്ച് ദയവായി **apcwo.org/give** സന്ദർശിക്കുക. അല്ലെങ്കിൽ ഈ പുസ്തകത്തിന്റെ മറുവശത്തുള്ള “”ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി” എന്ന പുറം കാണുക. നന്ദി!

**മെയിലിംഗ് ലിസ്റ്റ്**

പ്രസിദ്ധീകരിക്കപ്പെടുന്ന പുതിയ പുസ്തകങ്ങൾ നിങ്ങൾക്ക് ലഭിക്കേണ്ടതിന് നിങ്ങളുടെ വിലാസം ഞങ്ങളുടെ പട്ടികയിൽ ചേർക്കുവാൻ നിങ്ങൾ താൽപ്പര്യപ്പെടുന്നുവെങ്കിൽ, താങ്കളുടെ ശരിയായ വിലാസം ഞങ്ങൾക്ക് താഴെപറയുന്ന ഇമെയിലിൽ അയച്ചുതരിക: **bookrequest@apcwo.org**

# നിങ്ങളുടെ വിളിയോട് വിട്ടുവീഴ്ച അരുത്

# ഉള്ളടക്കം

ആമുഖം ........ 1
1. ഈ ലോകത്തിന്റെ പരിപാലനങ്ങൾ ........ 1
2. കെട്ടിമുറുക്കുന്ന ബന്ധങ്ങൾ ........ 2
3. തണുത്തു പോകുന്ന സ്നേഹം ........ 3
4. സ്വീകരിക്കാപ്പെടാനുള്ള ആഗ്രഹം ........ 4
5. മനുഷ്യന്റെ ഇഷ്ടത്തിനു പ്രവർത്തിക്കുക ........ 5
6. വളരെ വലിയ ഒരു വില ........ 6
7. ഭയം ഒരു മാരകമായ ശത്രു ........ 7
8. തീരുമാനം നിങ്ങളുടേതാണ് ........ 9

# ആമുഖം

നാം ഓരോരുത്തരെക്കുറിച്ചും ദൈവത്തിന് ഒരു പ്രത്യേക പദ്ധതിയുണ്ട്. നമ്മിൽ മിക്കവരും അത് വിശ്വസിക്കുകയും ദൈവത്തിന്റെ നിർദ്ദിഷ്ട പദ്ധതി നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള അവന്റെ ഇഷ്ടമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. കൂടാതെ, നമുക്കുവേണ്ടിയുള്ള ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണം യാന്ത്രികമല്ലെന്നും നമുക്കറിയാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമ്മുടെ ജീവിതത്തോടുള്ള ദൈവത്തിന്റെ വിളി നിറവേറ്റുന്നതിൽ നമുക്കും ഒരു പങ്കുണ്ട്. നാം ദൈവവുമായി സഹകരിക്കണം, അതുവഴി വ്യക്തികളെന്ന നിലയിൽ നമ്മിലൂടെയും അല്ലാതെയും അവന്റെ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയും.

ദൈവം നമ്മെ വിളിച്ചതിന്റെ പ്രാധാന്യമോ വലുപ്പമോ അല്ല, മറിച്ച് ആ വിളി നാം നിറവേറ്റുന്നു എന്നതാണ് പ്രധാനമെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മിൽ ചിലരെ "വലിയ" കാര്യങ്ങൾ ചെയ്യാൻ വിളിച്ചേക്കാം; മറ്റുള്ളവരെ "ചെറിയ" കാര്യങ്ങൾ ചെയ്യാൻ വിളിച്ചേക്കാം. "വലുത്, "ചെറുത്" എന്നിവ മനുഷ്യന്റെ കണ്ണിൽ കാണപ്പെടുന്നതുപോലെ മാത്രമാണ്. ദൈവത്തിന്റെ ദൃഷ്ടിയിൽ, "വലുത്", "ചെറുത്" എന്നിവ ഒരുപോലെ പ്രധാനമാണ്. "വലിയ" കാര്യങ്ങൾ ചെയ്യാൻ വിളിക്കപ്പെട്ടവരും "ചെറിയ" കാര്യങ്ങൾ ചെയ്യാൻ വിളിക്കപ്പെട്ടവരും അവരുടെ വിളി നിറവേറ്റുന്നതിൽ അവൻ ഉത്സുകനാണ്. "വലുത്, "ചെറുത്" എന്നിവ പരസ്പരം ആശ്രയിക്കുന്നതും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുമാണ്. ഒന്ന് പരാജയപ്പെട്ടാൽ മറ്റൊന്നിനെ ബാധിക്കും. വലിയ ജനക്കൂട്ടത്തോട് പ്രസംഗിക്കുന്ന "വലിയ" സുവിശേഷകൻ ശബ്ദ സംവിധാനം സജ്ജീകരിക്കുന്ന "ചെറിയ" അജ്ഞാത സാങ്കേതിക വിദഗ്ധനെ ആശ്രയിച്ചിരിക്കുന്നു. ടെക്നീഷ്യൻ തന്റെ പങ്ക് നിർവഹിക്കുന്നതിൽ പരാജയപ്പെടുകയോ മോശമായി പ്രവർത്തിക്കുകയോ ചെയ്താലോ?

എന്നിരുന്നാലും, നമ്മളെല്ലാവരും, "വലിയ" അല്ലെങ്കിൽ "ചെറി" കാര്യങ്ങൾ ചെയ്യാൻ വിളിക്കപ്പെട്ടാലും ദൈവത്തിന്റെ വിളി നിറവേറ്റുന്നതിൽ നിന്ന് തടയാൻ കഴിയുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കേണ്ടി വരും. ദൈവത്തിന്റെ വിളി പിന്തുടരുന്നതിൽ നിന്ന് നമ്മെ തടയാൻ ശ്രമിക്കുന്ന പിശാചുണ്ട്. തീക്ഷ്ണതയോടെ ദൈവത്തിന്റെ പദ്ധതി പിന്തുടരാൻ തുടങ്ങിയ നമ്മിൽ ചിലർ പലതിലും വിട്ടുവീഴ്ച ചെയ്തു, അവന്റെ പദ്ധതി പിന്തുടരുന്നത് തുടർന്നില്ല. നാം വഴിയിൽ എവിടെയോ നിർത്തി. നാം അശ്രദ്ധയിലായിരിക്കാം, ദൈവരാജ്യം പിന്തുടരുന്നതിനുപകരം, വിജയം, സമ്പത്ത്, വ്യക്തിപരമായ അഭിലാഷങ്ങൾ എന്നിവ പിന്തുടരുന്നതിന് നാം നമ്മുടെ ഊർജ്ജം ചെലവഴിക്കുന്നുണ്ടാകാം. നമ്മിൽ ചിലർ ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ വളരെയധികം ആകർഷിക്കപ്പെട്ടിരിക്കാം, സ്വർഗ്ഗീയ വിളിയോട് പ്രതികരിക്കുന്നതിൽ നാം അശ്രദ്ധരായിത്തീർന്നിരിക്കുന്നു. നമ്മിലേക്കു വന്ന കർത്താവിന്റെ വചനം, സ്വപ്നങ്ങൾ, പരിശുദ്ധാത്മാവ് നമുക്ക് നൽകിയ ദർശനങ്ങൾ എന്നിവ ഒരു കോണിൽ കിടക്കുന്നു. ഒന്നുകിൽ അവ മറന്നുപോവുകയോ ഭയമോ അവിശ്വാസമോ കാരണം മനഃപൂർവം അവഗണിക്കപ്പെടുകയോ ചെയ്യുന്നു. നമ്മെ ചലിപ്പിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. ഒരു നല്ല പോരാട്ടത്തിൽ ഏർപ്പെടുന്നതിനും നമ്മുടെ മുന്നിൽ വെച്ചിരിക്കുന്ന ഓട്ടം പൂർത്തിയാക്കുന്നതിനും നാം

**വീഴാതിരിക്കാൻ, നമുക്ക് സംഭവിക്കാവുന്ന ചില കെണികളെക്കുറിച്ച് ജാഗ്രത പുലർത്താനാണ് ഈ പുസ്തകത്തിലൂടെ ഉദ്ദേശിക്കുന്നത്.**

# 1. ഈ ലോകത്തിന്റെ പരിപാലനങ്ങൾ

അപ്പൊസ്തലനായ പൗലോസിനോടൊപ്പം പ്രവർത്തിച്ചവരോ ശുശ്രൂഷയിൽ അവനുമായി ബന്ധമുള്ളവരോ ആയ നിരവധി ആളുകൾ ഉണ്ടായിരുന്നു അവരെക്കുറിച്ചു പൗലോസ് തന്റെ എഴുത്തുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. അത്തരത്തിലൊരാളെക്കുറിച്ചു പൗലോസ് മൂന്ന് വ്യത്യസ്ത സ്ഥലങ്ങളിൽ എഴുതിയിട്ടുണ്ട്. ഫിലേമോന് എഴുതിയ കത്തിൽ പൗലോസ് ദേമാസിനെ തന്റെ "സഹപ്രവർത്തകൻ" എന്ന് പരാമർശിക്കുന്നു (ഫിലേമോൻ 1:24), കൊലോസ്യർക്ക് അഭിവന്ദനം അയയ്ക്കുന്നതിൽ അദ്ദേഹത്തിന്റെ പേര് ഉൾപ്പെടുന്നു (കൊലോസ്യർ 4:14). എന്നിരുന്നാലും, അടുത്ത തവണ പൗലോസ് ദേമാസിനെക്കുറിച്ച് പരാമർശിക്കുമ്പോൾ, (അത് അവസാനമായി തന്നെക്കുറിച്ചുള്ള പരാമർശമാണ്), അദ്ദേഹം എഴുതുന്നു, "കാരണം, ദേമാസ് ഈ ലോകത്തെ സ്നേഹിച്ചു, എന്നെ വിട്ട് തെസ്സലോനിക്കയിലേക്കു പോയി" (2 തിമോത്തി 4:10). അപ്പോസ്തോലനായ പൗലോസിനോടൊപ്പം തോളോടു തോൾ ചേർന്ന് പ്രവർത്തിച്ചൊരാൾ ലോകത്താൽ വഞ്ചിക്കപ്പെടുകയും ദൈവിക ശുശ്രൂഷയേയും അപ്പോസ്തോലനായ പൗലോസിനെയും ഉപേക്ഷിച്ചു ലോകത്തിൽ സ്വന്തം പദ്ധതികൾ പിന്തുടരുകയും ചെയ്യുന്ന ഒരു കാര്യം സങ്കൽപ്പിക്കാനാകുമോ.?

ഈ ലോകത്തിലെ ആകർഷണങ്ങളിൽ നിന്നും ആസക്തികളിൽ നിന്നും നാമെല്ലാവരും നമ്മുടെ ഹൃദയങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. ഒരു വശത്ത്, ജീവിതം വളരെ എളുപ്പവും സുഖകരവുമാകാം, നമ്മുടെ സ്വർഗ്ഗീയ വിളി പിന്തുടരേണ്ടതിന്റെ ആവശ്യകത നാം മറക്കുന്നു. മറുവശത്ത്, ജീവിതത്തിന്റെ വളരെയധികം പ്രശ്നങ്ങളും വേവലാതികളും നമ്മെ ഭാരപ്പെടുത്തുന്നു, അതിനാൽ ഈ വെല്ലുവിളികളെ അതിജീവിച്ച് വിജയിക്കുവാൻ കഴിയാതവണ്ണം നമ്മൾ തിരക്കിലാണ്, നമ്മൾ വിളിയെ അവഗണിക്കുന്നു. യേശു പറഞ്ഞു, "ഇഹലോകത്തിന്റെ ചിന്തകളും ധനത്തിന്റെ വഞ്ചനയും മറ്റുവിഷയ മോഹങ്ങളും അകത്തു കടന്നു, വചനത്തെ ഞെരുക്കി നഷ്ഫലമാക്കി തീർക്കുന്നതാകുന്ന" (മർക്കോസ് 4:19). നിങ്ങളുടെ ജീവിതത്തിനായി ദൈവം നിങ്ങളോട് പറഞ്ഞ വചനം കവർന്നെടുക്കാൻ ലോകത്തെ—അതിന്റെ പ്രശ്നങ്ങളേയോ ആനന്ദങ്ങളേയോ അനുവദിക്കരുത്!

# 2. കെട്ടിമുറുക്കുന്ന ബന്ധങ്ങൾ

നമ്മെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കുടുംബാംഗങ്ങളും സുഹൃത്തുക്കളും ഉണ്ടായിരിക്കുന്നത് നല്ല കാര്യമാണെങ്കിലും, ചിലപ്പോൾ ഈ ബന്ധങ്ങളാണ് നമ്മെ കെട്ടുകയും ദൈവവിളിയെ പിന്തുടരുന്നതിൽ നിന്ന് തടയുകയും ചെയ്യുന്നത്. എത്ര യുവാക്കളും യുവതികളും, അവരുടെ പിതാവിന്റേയോ മാതാവിന്റേയോ ആഗ്രഹങ്ങളെ പ്രീതിപ്പെടുത്തുന്നതിനായി, അവരുടെ സ്വർഗ്ഗീയ വിളിയിൽ വിട്ടുവീഴ്ച ചെയ്യുകയും ദൈവം ഒരിക്കലും ഉദ്ദേശിക്കാത്ത കാര്യങ്ങൾ പിന്തുടരുകയും ചെയ്യുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: വേറൊരുത്തനോടു: "എന്നെ അനുഗമിക്ക" എന്നു പറഞ്ഞാറെ അവൻ: ഞാൻ മുമ്പെ പോയി എന്റെ അപ്പനെ കുഴിച്ചിടുവാൻ അനുവാദം തരേണം എന്നു പറഞ്ഞു. അവൻ അവനോടു: "മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ; നീയോ പോയി ദൈവരാജ്യം അറിയിക്ക" എന്നു പറഞ്ഞു. മറ്റൊരുത്തൻ: കർത്താവേ, ഞാൻ നിന്നെ അനുഗമിക്കാം; ആദ്യം എന്റെ വീട്ടിലുള്ളവരോടു യാത്ര പറവാൻ അനുവാദം തരേണം എന്നു പറഞ്ഞു. യേശു അവനോടു: "കലപ്പെക്കു കൈ വെച്ച ശേഷം പുറകോട്ടു നോക്കുന്നവൻ ആരും ദൈവരാജ്യത്തിന്നു കൊള്ളാകുന്നവനല്ല എന്നു പറഞ്ഞു" (ലൂക്കോസ് 9:59-62).

ദൈവത്തിന്റെ വിളി നിറവേറ്റുന്നതിന് കുടുംബ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനേക്കാൾ മുൻഗണന നൽകേണ്ടതുണ്ട്. ഇത് നിരുത്തരവാദപരവും നമ്മുടെ കുടുംബങ്ങളെ അവഗണിക്കുന്നതിനുള്ള ലൈസൻസല്ല. മറിച്ച്, മുൻഗണനാക്രമമാണ് പ്രധാനം. കർത്താവിനോടും അവന്റെ രാജ്യത്തോടുമുള്ള നമ്മുടെ പ്രതിബദ്ധത എല്ലാ ഭൗമിക ബന്ധത്തിനും മുകളിലാണ്. "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല" (ലൂക്കോസ് 14:26). ദൈവത്തിന്റെ വിളി പിന്തുടരുന്നതിൽ നിന്ന് നിങ്ങളെ തടയുന്ന ബന്ധങ്ങളോ സുഹൃദ്ബന്ധങ്ങളോ ഉണ്ടോ? ഒരുപക്ഷേ നാം ശരിയായി ആരംഭിച്ചു, പക്ഷേ അറിയാതെ, മറ്റേതൊരുഭൗമിക ബന്ധത്തേക്കാളും കുറഞ്ഞ മുൻഗണനയാണോ യേശുവിനു നൽകിയിട്ടുള്ളത്. കാര്യങ്ങൾ ക്രമത്തിലാക്കാനുള്ള സമയമാണിത്!! ഭൗമിക ബന്ധങ്ങളുടെ പേരിൽ നമുക്ക് ദൈവവിളിയെ ഉപേക്ഷിക്കാൻ കഴിയില്ല.

# 3. തണുത്തു പോകുന്ന സ്നേഹം

ഇന്ന് ദൈവത്തോടുള്ള നിങ്ങളുടെ അഭിനിവേശം എത്രത്തോളം ശക്തമാണ്? കർത്താവിന്റെ ആലയത്തോടും ദൈവത്തിന്റെ കാര്യങ്ങളോടും നിങ്ങൾ തീക്ഷ്ണതയുള്ളവരാണോ? യേശുവിനെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു: “നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവു എന്നെ തിന്നുകളഞ്ഞു” (സങ്കീർത്തനം 69:9; യോഹന്നാൻ 2:17). ദൈവത്തെ അന്വേഷിക്കുകയും അവനെ സേവിക്കുകയും ചെയ്യുന്നത് അനുയോജ്യതയാണോ അതോ മുൻഗണനയാണോ? നിങ്ങൾക്ക് സമയമുണ്ടെങ്കിൽ മാത്രമേ നിങ്ങൾ പ്രാർത്ഥിക്കുകയുള്ളൂ? അല്ലെങ്കിൽ നിങ്ങൾക്ക് പ്രാർത്ഥിക്കാൻ സമയമുണ്ടോ? മതപരമായ ബാധ്യത നിറവേറ്റുന്നതിലൂടെ നിങ്ങളുടെ മനഃസാക്ഷിയെ ലഘൂകരിക്കാനാണോ (മനസിനെ തൃപ്തിപ്പെടുത്താൻ) നിങ്ങൾ സഭയിൽ പോകുന്നത്? അല്ലെങ്കിൽ ഇത് നിങ്ങൾക്ക് ഏറ്റവും ആനന്ദമായതിനാലാണോ നിങ്ങൾ ചെയ്യുന്നത്? സങ്കീർത്തനക്കാരൻ തന്റെ ഹൃദയം തുറന്നു കാണിക്കുന്നു, “ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ” (സങ്കീ 27:4). ഒരുപക്ഷെ നിങ്ങൾ കർത്താവിനെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞേക്കാം, എന്നാൽ അഗ്നി പഴയതുപോലെ ശക്തമല്ല! തണുപ്പ് വർധിക്കുന്ന ഒരു സ്നേഹം, അവൻ കല്പിക്കുന്നത് ചെയ്യുന്നതല്ല, നമുക്ക് സൗകര്യപ്രദമായത് ചെയ്യുന്ന ഒരു സ്നേഹമാണത്. അവിടുന്ന് കൽപ്പിക്കുന്നതല്ല, നിങ്ങൾക്ക് സൗകര്യപ്രദമായത് മാത്രമാണ് നിങ്ങൾ ചെയ്യുന്നതെങ്കിൽ, നിങ്ങൾ ഒരിക്കലും അവന്റെ വിളി നിറവേറ്റുകയില്ല.

നാം ദൈവത്തിന്റെ വിളി നിറവേറ്റണമെങ്കിൽ, നമ്മുടെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ ആത്മാവോടും പൂർണ മനസ്സോടും പൂർണ ശക്തിയോടും കൂടെ സ്നേഹിക്കണം (മർക്കോസ് 12:30). പൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കാൻ നാം നമ്മെത്തന്നെ ചലിപ്പിക്കേണ്ടി വരും. അവന് നമ്മുടെ ഏറ്റവും മികച്ചത് നൽകാൻ നാം പരമാവധി ശ്രമിക്കേണ്ടതുണ്ട്.

# 4. സ്വീകരിക്കപ്പെടാനുള്ള ആഗ്രഹം

എല്ലാവരും നമ്മെ വിലമതിക്കാനും അഭിനന്ദിക്കാനും നാം നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ വിളി പിന്തുടർന്നതിന് നമ്മെ പുകഴ്ത്താനും പോകുന്നില്ല. ആളുകളുടെ കണ്ണിൽ സ്വീകാര്യത കണ്ടെത്താൻ മാത്രമാണ് നാം ജീവിക്കുന്നതെങ്കിൽ, അത് നമ്മുടെ ഏറ്റവും അടുത്തുള്ളവരിൽ നിന്ന് ആണെങ്കിൽ പോലും നാം നിരാശരാകും. അപ്പോൾ നാം ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നത് ചെയ്യാൻ നമുക്ക് സ്വാതന്ത്ര്യമുണ്ടാകില്ല. നമ്മുടെ മുൻഗണന നമ്മുടെ സ്വർഗ്ഗീയപിതാവിനെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം. യേശു പറഞ്ഞു, ഞാൻ മനുഷ്യരോടു ബഹുമാനം വാങ്ങുന്നില്ല. തമ്മിൽ തമ്മിൽ ബഹുമാനം വാങ്ങിക്കൊണ്ടു ഏകദൈവത്തിന്റെ പക്കൽ നിന്നുള്ള ബഹുമാനം അന്വേഷിക്കാത്ത നിങ്ങൾക്കു എങ്ങനെ വിശ്വസിപ്പാൻ കഴിയും? (യോഹന്നാൻ 5:41,44). വ്യക്തികളെയോ സംഘടനകളെയോ (പ്രസ്ഥാനങ്ങൾ) പ്രസാദിപ്പിക്കേണ്ടതിൽ സ്വയം ഏർപ്പെടുന്നതിനാൽ വളരെയധികം ആളുകൾ അവരുടെ ജീവിതത്തിൽ ദൈവവിളിയുമായി വിട്ടുവീഴ്ച ചെയ്യുന്നു. അതിനാൽ, പുതിയത്, വ്യത്യസ്തമായത്, മറ്റുള്ളവർക്ക് അത്ഭുതമായി തോന്നുന്ന എന്തെങ്കിലും ചെയ്യാൻ ദൈവം അവരെ വിളിക്കുമ്പോൾ, നിരസിക്കപ്പെടുമെന്ന് ഭയന്ന് അവർക്ക് മുന്നോട്ട് വരാനും അനുസരിക്കാനും കഴിയില്ല. ഞങ്ങൾ വിഡ്ഢിത്തമായതിനു വേണ്ടി വാദിക്കുന്നില്ല, ദൈവഭക്തരായ ആളുകൾ മറ്റുള്ളവർ അംഗീകരിക്കാതിരിക്കുമ്പോൾ പോലും തങ്ങൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യുന്നു. ഞാൻ പറയുന്നത് മനുഷ്യന്റെ പുകഴ്ചയേക്കാൾ ദൈവത്തെ അനുസരിക്കുക എന്നതാണ്. നിങ്ങൾ ഇന്ന് എവിടെയാണ്? മനുഷ്യരിൽ നിന്നും പുകഴ്ച നേടേണ്ട ആവശ്യമില്ലാതെ ദൈവം നിങ്ങളെ വിളിക്കുന്ന എന്തും ചെയ്യാൻ നിങ്ങൾക്ക് കഴിയുമോ?

# 5. മനുഷ്യന്റെ ഇഷ്ടത്തിനു പ്രവർത്തിക്കുക

നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് സ്വർഗത്തിൽ (ദൈവത്തിൽ) നിന്ന് കേൾക്കുക മാത്രമല്ല, അവിടെ എങ്ങനെ എത്തിച്ചേരാമെന്നതിനെക്കുറിച്ചുള്ള ദൈവത്തിന്റെ മാർഗനിർദേശവും നമുക്കാവശ്യമാണ്. സ്വയം സൃഷ്ടിച്ച രീതികളിലൂടെ ഒരു സ്വർഗ്ഗീയ വിളി നമുക്ക് നിറവേറ്റാൻ കഴിയില്ല. ആ വിളി നിറവേറ്റാനുള്ള വഴിയും ദൈവത്തിൽ നിന്നുള്ളതാകണം. പൗലോസ് എഴുതുന്നു "എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ഞാൻ ജാതികളുടെ ഇടയിൽ അറിയിക്കേണ്ടതിന്നു അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ചപ്പോൾ ഞാൻ മാംസരക്തങ്ങളോടു ആലോചിക്കയോ" (ഗലാത്യർ 1:15-16). ദൈവത്തിന്റെ വിളി നിറവേറ്റുന്നതിനായി നാം ചെയ്യുന്ന കാര്യങ്ങൾ ദൈവം നമ്മുടെ ഹൃദയത്തിൽ തന്നിരിക്കുന്ന ആശയങ്ങൾ, രീതികൾ, പരിപാടികൾ, തന്ത്രങ്ങൾ എന്നിവയാണോ അതോ അവ നമ്മുടെ സ്വന്തമാണോ? അവ സ്വർഗത്തിൽ നിന്നോ ജഡത്തിൽ നിന്നോ വരുന്നതാണോ? അവയുടെ പിന്നിലെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണ്? നാം ആത്മാവിനെ പിന്തുടരുകയാണോ അതോ ഒരു മനുഷ്യനെ അനുകരിക്കുകയാണോ?

നമ്മുടെ ആശയങ്ങൾ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് സമർപ്പിക്കേണ്ടതുണ്ട്. കർത്താവിനെ സേവിക്കാനും അവന്റെ രാജ്യത്തിനായി പ്രവർത്തിക്കാനും നമുക്ക് തീക്ഷ്ണത ഉണ്ടായിരിക്കണം, എന്നാൽ ഇത് അവന്റെ ആത്മാവിന്റെ നടത്തിപ്പിന് സമർപ്പിക്കണം. നമ്മൾ "പോകേണ്ടത്" മറ്റുള്ളവർ "പോകുന്നതുകൊണ്ടോ" അല്ലെങ്കിൽ മറ്റാരെങ്കിലും നമ്മോട് "പോക" എന്ന് പറഞ്ഞതുകൊണ്ടോ അല്ല. ദൈവം നമ്മെ അയയ്ക്കുന്നതിനാൽ നാം "പോകണം," അവൻ നമ്മെ അയയ്ക്കുന്നിടത്തേക്കാണ് നാം പോകേണ്ടത്. ദൈവത്തിന്റെ വിളി നിറവേറ്റുന്നതിനുള്ള താക്കോൽ നാം ഓരോ ചുവടുകളിലും അവന്റെ ആലോചനയെ/ഇഷ്ടത്തെ പിന്തുടരുക എന്നതാണ്.

# 6. വളരെ വലിയ ഒരു വില

ദൈവത്തിന്റെ വിളി വിലകൊടുക്കാതെ നേടാവുന്നതല്ല. ചെയ്യാനുള്ള ത്യാഗങ്ങൾ, പീഡനങ്ങൾ, സഹിക്കേണ്ട ബുദ്ധിമുട്ടുകൾ, എടുക്കേണ്ട അപകടസാധ്യതകൾ എന്നിവയും അതിലേറെയും ഉണ്ട്. തന്നെ അനുഗമിക്കുന്നതിന്റെ വിലയെക്കുറിച്ച് യേശു സംസാരിച്ചു. ചെലവ് കണക്കാക്കാൻ അദ്ദേഹം നമ്മോടു പറഞ്ഞിരിക്കുന്നു.

**ലൂക്കോസ് 14:28-33**
**28 നിങ്ങളിൽ ആരെങ്കിലും ഒരു ഗോപുരം പണിവാൻ ഇച്ഛിച്ചാൽ ആദ്യം ഇരുന്നു അതു തീർപ്പാൻ വക ഉണ്ടോ എന്നു കണക്കു നോക്കുന്നില്ലയോ?**
**29 അല്ലെങ്കിൽ അടിസ്ഥാനം ഇട്ടശേഷം തീർപ്പാൻ വകയില്ല എന്നു വന്നേക്കാം;**
**30 കാണുന്നവർ എല്ലാം; ഈ മനുഷ്യൻ പണിവാൻ തുടങ്ങി, തീർപ്പാനോ വകയില്ല എന്നു പരിഹസിക്കുമല്ലോ.**
**31 അല്ല, ഒരു രാജാവു മറ്റൊരു രാജാവിനോടു പട ഏല്പാൻ പുറപ്പെടുംമുമ്പേ ഇരുന്നു, ഇരുപതിനായിരവുമായി വരുന്നവനോടു താൻ പതിനായിരവുമായി എതിർപ്പാൻ മതിയോ എന്നു ആലോചിക്കുന്നില്ലയോ?**
**32 പോരാ എന്നു വരികിൽ മറ്റവൻ ദൂരത്തിരിക്കുമ്പോൾ തന്നേ സ്ഥാനാപതികളെ അയച്ചു സമാധാനത്തിന്നായി അപേക്ഷിക്കുന്നു.**
**33 അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതു ഒക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന്നു എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.**

യേശുവിനെ അനുഗമിക്കുന്നതിന്റെ വില എന്താണ്? എല്ലാം! നാം എല്ലാം ഉപേക്ഷിക്കേണ്ടതുണ്ടെന്ന് യേശു പറഞ്ഞു. "ഉപേക്ഷിക്കുക" എന്നതിനർത്ഥം നമുക്ക് ഇനിമേൽ അത് സ്വന്തമല്ല. അത് ദൈവത്തിന് സ്വന്തമാണ്, അവിടുന്ന് ചെയ്യാൻ ആഗ്രഹിക്കുന്നതെന്തും ചെയ്യാൻ നമ്മോടു പറയാൻ അവന് കഴിയും. നമുക്ക് എന്ത് എത്രമാത്രം ഉണ്ടെന്നതിലല്ല. നമുക്കുള്ളതെല്ലാം നാം കർത്താവിന് വിട്ടുകൊടുത്തിട്ടുണ്ടോ? അല്ലെങ്കിൽ നമ്മുടെ ജീവിതത്തിൽ ഉള്ള—വസ്തുവകകൾ, പദ്ധതികൾ, സ്വപ്നങ്ങൾ, അഭിലാഷങ്ങൾ, ബന്ധങ്ങൾ, ശീലങ്ങൾ—ഉപേക്ഷിക്കാനോ മാറ്റിവയ്ക്കാനോ ചെയ്യാതിരിക്കാനോ ദൈവം നമ്മോട് പറഞ്ഞാൽ നമുക്ക് അങ്ങനെ ചെയ്യാൻ പ്രയാസമുണ്ടോ? നമ്മുടെ പണം ദൈവത്തിനു സ്വന്തമാണോ അതോ നാം അതിന്റെ ഉടമയാണോ? നമ്മോട് സംസാരിക്കാനും നമ്മുടെ പക്കലുള്ള പണവുമായി നാം എന്തുചെയ്യണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നുവെന്ന് പറയാനും ദൈവത്തിന് സ്വാതന്ത്ര്യമുണ്ടോ? നാം വിതയ്ക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നിടത്ത് വിത്ത് വിതയ്ക്കാൻ നാം തയ്യാറാണോ? നാം എത്രമാത്രം ഉപേക്ഷിക്കുന്നു എന്നല്ല, മറിച്ച് നമ്മുടെ പക്കൽ അവശേഷിക്കുന്ന കാര്യങ്ങളാണ് നാം ദൈവത്തിന്റെ വിളി നിറവേറ്റുന്നുണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കുന്നത്. ചിലർ ഒരുപാട് കാര്യങ്ങൾ ഉപേക്ഷിച്ചിട്ടുണ്ട്, പക്ഷേ അവർ ഉപേക്ഷിച്ചിട്ടില്ലാത്ത ചില ചെറിയ കാര്യങ്ങളുണ്ട്, അത് അവരുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവവിളിയുടെ പൂർണ്ണതയിലേക്ക് പ്രവേശിക്കുന്നതിൽ നിന്ന് അവരെ തടയുന്നു. മറ്റെല്ലാ കാര്യങ്ങളും ഉപേക്ഷിക്കുന്നതിനേക്കാൾ വളരെ കൂടുതലാണ് ഈ കുറച്ച് കാര്യങ്ങൾ ഉപേക്ഷിക്കാനുള്ള ചെലവ്. എന്നാൽ അതാണ് കർത്താവ് ചോദിക്കുന്നത്! അവയുടെ വില നൽകാൻ കഴിയാത്തത്ര വലുതാണോ? നമ്മുടെ ജീവിതത്തിൽ പിതാവിന്റെ (ദൈവത്തിന്റെ) അംഗീകാരം ലഭിക്കുന്നതിന്റെ പ്രതിഫലം വളരെ വലുതാണെന്ന് ഓർമ്മിക്കുക! നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വിളി നിറവേറ്റുന്നതിന് നിങ്ങൾ വില നൽകുമോ?

# 7. ഭയം ഒരു മാരകമായ ശത്രു

അനേക ആളുകൾ ഭയം കാരണം ദൈവത്തിന്റെ വിളിയോട് വിട്ടുവീഴ്ച ചെയ്യുന്നു പരാജയപെടുമോ എന്ന ഭയം, ഭാവിയെക്കുറിച്ചുള്ള ഭയം, കുറവുകളിലുള്ള ഭയം, മനുഷ്യനോടുള്ള ഭയം. ഭയം അവരെ ബന്ധിച്ചിരിക്കുന്നതിനാൽ അവർ പുറത്തുകടന്ന് ദൈവത്തിന്റെ വിളിയിലേക്ക് കടക്കുന്നില്ല. ചിലർ ചിന്തിക്കുന്നുണ്ടാകാം, "ഞാൻ പോയി ഒരു പ്രത്യേക സ്ഥലത്ത് ഒരു സഭ സ്ഥാപിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്, പക്ഷേ ഞാൻ പരാജയപ്പെട്ടാൽ എന്തുചെയ്യും? സഭ ഒരിക്കലും വളരുന്നില്ലെങ്കിലോ?" പരാജയ ഭയം അവരെ പുറത്തുകടക്കുന്നതിൽ നിന്നും തടയുന്നു. ദൈവം തന്നെയാണ് നമ്മെ വിജയിപ്പിക്കുന്നത് (2 കൊരിന്ത്യർ 2:14). അതിനാൽ, നാം ദൈവത്തെ ആശ്രയിക്കുന്നു. ദൈവത്തിന്റെ വീക്ഷണകോണിൽ നിന്നാണ് നാം വിജയവും പരാജയവും നോക്കേണ്ടത്. വിജയം ദൈവഹിതം ചെയ്യുന്നതും അവൻ നമ്മോട് കൽപിച്ച കാര്യങ്ങൾ നിറവേറ്റുന്നതുമാണ്. അത് സംഖ്യകളിലല്ല, നേട്ടങ്ങളിലല്ല, പ്രശസ്തിയിലുമല്ല.

ചിലർ ഭാവിയെ ഭയപ്പെടുന്നു. അവർ വിചാരിക്കുന്നു, "ഞാൻ ഇപ്പോൾ ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നത് ഞാൻ ചെയ്താൽ, അതിനുശേഷം എന്ത് സംഭവിക്കും?" ഭാവി കാണാൻ കഴിയാത്തതിനാൽ അവർ ഭയപ്പെടുന്നു. ദൈവം എല്ലാം നമ്മെ ഒന്നിച്ചു കാണിക്കുന്നില്ല. അവൻ നമ്മെ നയിക്കുന്നു, ഒരു സമയത്ത് ഒരു പടി. അവൻ ആരംഭത്തിൽ തന്നെ അവസാനം അറിയുന്നു. അടുത്തതായി എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് അവനറിയാം. നാം ചെയ്യേണ്ടത്, ജീവിതത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ, അവനിൽ വിശ്വസിക്കുകയും അവൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചെയ്യുകയുമാണ്. ആസൂത്രണം ചെയ്യേണ്ടത് പ്രധാനമാണ്, എന്നാൽ ദൈവത്തെ അനുസരിക്കുക എന്നതാണ് കൂടുതൽ പ്രധാനം. ചിലപ്പോൾ, കർത്താവിന്റെ വചനവും അവന്റെ നിർദ്ദേശങ്ങളും നമുക്ക് ചിന്തിക്കാൻ കഴിയുന്ന ഒരു പദ്ധതിയിലും ഉൾപ്പെടില്ല. എന്നാൽ അപ്പോഴും നാം ദൈവത്തെ അനുസരിക്കണം!

ചിലർ കുറവുകളെക്കുറിച്ചുള്ള ഭയത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്താൽ തങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ മുടങ്ങുമെന്ന് അവർ ഭയപ്പെടുന്നു. യേശു പറഞ്ഞു, "ദൈവത്തിൽ വിശ്വസിക്കുക എന്നിലും വിശ്വസിക്കുക" (മർക്കോസ് 11:22). ദൈനംദിന ആവശ്യങ്ങൾ നൽകാമെന്ന് ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. അവന്റെ വചനത്തിലുള്ള വിശ്വാസം നിങ്ങളുടെ ഹൃദയത്തിൽ നിന്ന് ഭയത്തെ പുറത്താക്കിക്കളയട്ടെ!

മറ്റുള്ളവർ മനുഷ്യരോടുള്ള ഭയത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. അവർ മറ്റുള്ളവരാൽ ഭയപ്പെടുത്തപ്പെട്ടിരിക്കുന്നു ചിലപ്പോൾ മറ്റുള്ളവർ അവരെ ഉപദ്രവിച്ചേക്കാം, ചിലപ്പോൾ മറ്റ് ശുശ്രൂഷകന്മാരാൽ ഉപദ്രവിക്കപ്പെടാം. ബൈബിൾ പറയുന്നു, "മാനുഷഭയം ഒരു കണി ആകുന്നു; യഹോവയിൽ ആശ്രയിക്കുന്നവനോ രക്ഷപ്രാപിക്കും" (സദൃശവാക്യങ്ങൾ 29:25). ദൈവത്തിൽ ആശ്രയിച്ച്, നിങ്ങളെ തടഞ്ഞുനിർത്തുന്ന ഭയത്തിൽ നിന്ന് നിങ്ങൾക്ക് പുറത്തുകടക്കാൻ കഴിയും. നേതൃത്വ ചുമതല ഏറ്റെടുത്തപ്പോൾ കർത്താവ് യോശുവയോട് പറഞ്ഞ കാര്യം ഓർക്കുക. "നിന്റെ

ദൈവമായ യഹോവ നീ പോകുന്നേടത്തൊക്കെയും നിന്നോടുകൂടെ ഉള്ളതുകൊണ്ടു ഉറപ്പും ധൈര്യവുമുള്ളവനായിരിക്ക; ഭയപ്പെടരുതു, ഭ്രമിക്കയും അരുതു എന്നു ഞാൻ നിന്നോടു കല്പിച്ചുവല്ലോ” (യോശുവ 1:9). കർത്താവിൽ ധൈര്യമായിരിക്കുക. ദൈവത്തിലുള്ള നിങ്ങളുടെ വിശ്വാസം അവന്റെ വിളി അനുസരിക്കാൻ നിങ്ങളെ സ്വതന്ത്രരാക്കട്ടെ!!

# 8. തീരുമാനം നിങ്ങളുടേതാണ്

ദൈവവുമായുള്ള നമ്മുടെ ജീവിതത്തിന്റെ അത്ഭുതകരമായ ഒരു കാര്യം, കർത്താവിനെ അന്വേഷിക്കാനുള്ള തീരുമാനം നമ്മുടെ ഹൃദയത്തിൽ എടുക്കാനും അതുപോലെ ചെയ്യാനും കഴിയും എന്നുള്ളതാണ്. നമുക്ക് എപ്പോൾ വേണമെങ്കിലും അനുതപിക്കാനും മാറാനും കഴിയും. നമുക്ക് ദൈവവുമായി മുന്നോട്ട് പോകാം. വാസ്തവത്തിൽ, നാം അങ്ങനെ ചെയ്യണം. എന്നാൽ നാം തെറ്റായ തീരുമാനങ്ങൾ എടുത്ത് വിട്ടുവീഴ്ച ചെയ്ത് കുഴപ്പങ്ങളിൽ അകപ്പെടുമ്പോൾ പോലും, നമ്മെ പുറത്തുകൊണ്ടുവരാൻ കർത്താവിന് കഴിയും. സങ്കീർത്തനക്കാരൻ പറഞ്ഞു, "നാശകരമായ കുഴിയിൽനിന്നും കുഴഞ്ഞ ചേറ്റിൽനിന്നും അവൻ എന്നെ കയറ്റി; എന്റെ കാലുകളെ ഒരു പാറമേൽ നിർത്തി, എന്റെ ഗമനത്തെ സ്ഥിരമാക്കി" (സങ്കീ 40:2). നമ്മുടെ ജീവിതത്തെ സത്യസന്ധമായി പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ദൈവത്തിന്റെ ശക്തി സ്വീകരിക്കുകയും ചെയ്യുക എന്നതാണ് നാം ചെയ്യേണ്ട പ്രധാന കാര്യം.

നിങ്ങളുടെ വിളിയിൽ നിങ്ങൾ വിട്ടുവീഴ്ച ചെയ്തിട്ടുണ്ടോ? നിങ്ങൾ പൂർണ്ണഹൃദയത്തോടെ ദൈവവിളിയെ പിന്തുടരുകയാണോ? നിങ്ങളുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവവിളിയെ അംഗീകരിക്കാൻ/ അനുസരിക്കാൻ ഇന്ന് നിങ്ങൾ എന്തെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്?

നമുക്ക് ഒരു തിരഞ്ഞെടുപ്പ് ഉണ്ട്. നമുക്ക് ജീവിതത്തിലൂടെ സഞ്ചരിക്കാം, രക്ഷിക്കപ്പെട്ടു, എന്നിട്ടും പൂർണ്ണഹൃദയത്തോടെ ദൈവത്തിന്റെ വിളി പിന്തുടരുന്നില്ല. നാം സ്വർഗ്ഗത്തിൽ പോകുമായിരിക്കും, എന്നാൽ നമ്മോടൊപ്പം നിത്യതയിലേക്ക് കൊണ്ടുപോകുന്ന ഒരു ഫലവും ഉണ്ടാകില്ല. മറുവശത്ത്, നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവവിളിയെ അന്വേഷിക്കാനും പൂർത്തീകരിക്കാനും ആവശ്യമായതെന്തും നമുക്ക് ചെയ്യാൻ കഴിയും. ഒരു പക്ഷെ നാം ഭൂമിയിൽ വിഡ്ഢികളായി കാണപ്പെടാം. എന്നിരുന്നാലും, നാം സ്വർഗ്ഗത്തിൽ എത്തുമ്പോൾ നമ്മുടെ പ്രവൃത്തികൾ തീകൊണ്ട് ശോധന ചെയ്യപ്പെട്ടുകഴിയുമ്പോൾ, നമുക്ക് നിത്യതയിൽ നിലനിൽക്കുന്ന ഫലം ലഭിക്കും. അപ്പൊസ്തലനായ പൗലോസ് തിമൊഥെയൊസിനെ പ്രബോധിപ്പിച്ചു, "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന്നു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക" (2 തിമോത്തി 2:15). ലജ്ജിക്കപ്പെടാതെ ദൈവത്താൽ അംഗീകരിക്കപ്പെട്ട പ്രവർത്തകരാകാൻ നമ്മുടെ ഭാഗത്തുനിന്ന് ചില ശ്രമങ്ങൾ ആവശ്യമായി വരും. ദൈവത്തിന്റെ വിളി നിറവേറ്റാൻ സ്വയം തയ്യാറാകാൻ സമയവും പരിശ്രമവും ആവശ്യമാണ്. ത്യാഗങ്ങളും വെല്ലുവിളികളും ഉണ്ടാകും. പക്ഷേ, നാം പരമാവധി ശ്രമിക്കണം.

ഈ അവസാന സമയത്തു, ദൈവത്തിന്റെ വിളിക്ക് നൂറു ശതമാനം പ്രതിജ്ഞാബദ്ധരായ പുരുഷന്മാരെയും സ്ത്രീകളെയും ദൈവത്തിന് ആവശ്യമുണ്ട്. അവനു പൂർണമായും സമർപ്പിക്കപ്പെട്ട ആളുകളെ - വിട്ടുവീഴ്ച ചെയ്യാത്ത ആളുകളെ അവന് ആവശ്യമാണ്.

അപ്പോസ്തലനായ പൗലോസിന്റെ വാക്കുകളാൽ നിങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു:

**ഫിലിപ്പിയർ 3:12-14**
**12 ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തുയേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ടു എനിക്കും അതു പിടിക്കാമോ എന്നുവെച്ചു പിന്തുടരുന്നതേയുള്ളു.**
**13 സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല.**
**14 ഒന്നു ഞാൻ ചെയ്യുന്നു: പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന്നു ആഞ്ഞും കൊണ്ടു ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്കു ഓടുന്നു.**

യേശു നിങ്ങളെ ഏൽപ്പിച്ചതിനെ മുറുകെ പിടിക്കുക. ലക്ഷ്യസ്ഥാനത്തേക്ക് ഓടിക്കൊണ്ടിരിക്കുക. നിങ്ങളുടെ സ്വർഗ്ഗീയ വിളിയിൽ തുടരുക. ഇതിന് കുറച്ച് പരിശ്രമം ആവശ്യമായി വരും, പക്ഷേ അത് വിലയേറിയതാണ്! നിങ്ങളുടെ ജീവിതത്തിലെ ദൈവവിളിയോട് വിട്ടുവീഴ്ച ചെയ്യരുത്!!

# ഓൾ പീപ്പിൾസ് ചർച്ചിന്റെ പങ്കാളി

(എ) നേതാക്കളെ ശക്തിപ്പെടുത്തുക, (ബി) ശുശ്രൂഷയ്ക്കായി യുവാക്കളെ സജ്ജരാക്കുക, (സി) ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ കെട്ടിപ്പടുക്കുക എന്നീ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധകേന്ദ്രീകരിച്ച് ഇന്ത്യയിലുടനീളം പ്രത്യേകിച്ചും വടക്കേ ഇന്ത്യയിലെമ്പാടും എത്തിച്ചേരുന്നതിലൂടെ ഒരു പ്രാദേശിക സഭ എന്നതിന്റെ അതിരുകളും കടന്ന് ഓൾ പീപ്പിൾസ് ചർച്ച് ശുശ്രൂഷകർ വർത്തിക്കുന്നു. യുവജനങ്ങൾക്കായുള്ള സെമിനാറുകൾ, ക്രിസ്തീയ നേതൃത്വ സെമിനാറുകൾ തുടങ്ങിയ ഒട്ടനേകം സെമിനാറുകൾ വർഷം മുഴുവനും നടത്തുന്നു. അതുകൂടാതെ, വിശ്വാസികൾ വചനത്തിലും ആത്മാവിലും ശക്തരായിത്തീരണം എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷിലും ഇന്ത്യയിലെ വ്യത്യസ്തങ്ങളായ ഭാഷകളിലും ആയിരക്കണക്കിന് പ്രസിദ്ധീകരണങ്ങൾ സൗജന്യമായി അച്ചടിച്ചു വിതരണം ചെയ്തു.

ഞങ്ങളുമായി പങ്കാളികളാകേണ്ടതിന് സാമ്പത്തികമായി ഒറ്റത്തവണയായോ പ്രതിമാസമായോ സംഭാവനകൾ അയയ്ക്കേണ്ടതിനായി ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ രാജ്യത്തുടനീളമുള്ള ഈ വേലയിൽ ഞങ്ങളെ സഹായിക്കുവാനായി നിങ്ങൾക്ക് അയയ്ക്കുവാൻ കഴിയുന്ന ഏതൊരു തുകയും വളരെ വിലമതിച്ചതായി ഞങ്ങൾ കണക്കാക്കും.

നിങ്ങൾക്ക് ചെക്ക്/ബാങ്ക് ഡ്രാഫ്റ്റ് എന്നിവ വഴിയായി സംഭാവനകൾ “All Peoples Church” എന്ന പേരിൽ മാറാവുന്ന നിലയിൽ ഞങ്ങളുടെ വിലാസത്തിലേക്ക് അയയ്ക്കാവുന്നതാണ്. അതുകൂടാതെ നിങ്ങളുടെ സംഭാവനകൾ ഞങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടും അയയ്ക്കാവുന്നതാണ്.

Account Name: All Peoples Church
Account Number: 0057213809
IFSC Code: CITI0000004
Bank: Citibank N.A., No. 5, M.G. Road, Bengaluru, Karnataka 560001

ദയവായി ശ്രദ്ധിക്കുക: ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ അധിഷ്ഠിതമായ ബാങ്കുകളിൽ നിന്നു മാത്രമേ ബാങ്ക് വഴിയുള്ള സംഭാവനകൾ സ്വീകരിക്കുവാൻ കഴിയൂ. നിങ്ങളുടെ സംഭാവന നിങ്ങൾ അയയ്ക്കുമ്പോൾ, ആവശ്യമെങ്കിൽ, നിങ്ങളുടെ സംഭാവന ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന നിർദ്ദിഷ്ട എപിസി മിനിസ്ട്രി ഏരിയ നിങ്ങൾക്ക്

സൂചിപ്പിക്കുവാൻ കഴിയുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ***apcwo.org/give*** സന്ദർശിക്കുക.
കൂടാതെ നിങ്ങൾക്ക് സാധിക്കുമ്പോഴെല്ലാം ഞങ്ങൾക്കും ഞങ്ങളുടെ ശുശ്രൂഷകൾക്കുമായി പ്രാർത്ഥിക്കുവാൻ ഓർമ്മിക്കുമല്ലോ. **നന്ദി, ദൈവം അനുഗ്രഹിക്കട്ടെ!**

**സൌജന്യ പ്രസിദ്ധീകരണങ്ങൾ**

A Church in Revival*
A Real Place Called Heaven
A Time for Every Purpose
Ancient Landmarks*
Baptism in the Holy Spirit
Being Spiritually Minded and Earthly Wise
Biblical Attitude Towards Work
Breaking Personal and Generational Bondages
Change*
Code of Honor
Divine Favor*
Divine Order in the Citywide Church
Don’t Compromise Your Calling*
Don’t Lose Hope
Equipping the Saints
Foundations (Track 1)
Fulfilling God’s Purpose for Your Life
Gifts of the Holy Spirit
Giving Birth to the Purposes of God*
God Is a Good God
God’s Word—The Miracle Seed
How to Help Your Pastor
Integrity
Kingdom Builders
Laying the Axe to the Root
Living Life Without Strife*
Marriage and Family
Ministering Healing and Deliverance
Offenses-Don’t Take Them
Open Heavens*
Our Redemption
Receiving God’s Guidance
Revivals, Visitations and Moves of God
Shhh! No Gossip!
Speak Your Faith
The Conquest of the Mind
The Father’s Love
The House of God
The Kingdom of God
The Mighty Name of Jesus
The Night Seasons of Life
The Power of Commitment*
The Presence of God
The Redemptive Heart of God
The Refiner’s Fire
The Spirit of Wisdom, Revelation and Power*
The Wonderful Benefits of speaking in Tongues
Timeless Principles for the Workplace
Understanding the Prophetic
Water Baptism
We Are Different*
Who We Are in Christ?
Women in the Workplace
Work Its Original Design

മുകളിലുള്ള എല്ലാം പ്രസിദ്ധീകരണങ്ങളുടെയും PDF പതിപ്പുകൾ ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ് (apcwo.org/books). ഇവയിൽ മിക്ക പ്രസിദ്ധീകരണങ്ങളും മറ്റ് ഭാഷകളിലും ലഭ്യമാണ്. പ്രസിദ്ധീകരണങ്ങളുടെ സൗജന്യ പതിപ്പുകൾ ലഭിക്കുന്നതിനായി bookrequest@apcwo.org ലേക്ക് ഒരു ഇമെയിൽ അയയ്ക്കുക.

*pdf ൽ മാത്രം ലഭ്യമാണ്

സൗജന്യ ദൃശ്യ, ശ്രാവ്യ സന്ദേശങ്ങൾ, പ്രസംഗ കുറിപ്പുകൾ, നിങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന മറ്റ് നിരവധി വിഷയങ്ങൾ എന്നിവയ്ക്കായി ഞങ്ങളുടെ ചർച്ചിന്റെ വെബ്സൈറ്റ് സന്ദർശിക്കുക (apcwo.org/sermon.)

# ഓൾ പീപ്പിൾസ് ചർച്ചിനെക്കുറിച്ച്

ഓൾ പീപ്പിൾസ് ചർച്ചിന്റെ (APC) ദർശനം എന്നത്, ഞങ്ങൾ ബാംഗ്ലൂർ പട്ടണത്തിന്റെ ഉപ്പും വെളിച്ചവും ആയിരിക്കുന്നതോടൊപ്പം ഇന്ത്യയുടെയും ലോകരാജ്യങ്ങളുടെയും ശബ്ദവുമാകുക എന്നുള്ളതാണ്.

ദൈവത്തിന്റെ പരിശുദ്ധാത്മാഭിഷേകത്തിലും പ്രത്യക്ഷപ്രകടനത്തിലും പൂർണ്ണതയുള്ളതും വിട്ടുവീഴ്ചകൾ ചെയ്യാതെയും ദൈവവചനം അറിയിക്കുവാൻ എപിസി പ്രതിജ്ഞാബദ്ധരാണ്. നല്ല സംഗീതം, സൃഷ്ടിപരമായ അവതരണങ്ങൾ, ബുദ്ധിമാന്മാരായ ന്യായവാദികൾ, സമകാലിക ശുശ്രൂഷാ വിദ്യകൾ, ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ തുടങ്ങിയവ, സുവിശേഷ ഘോഷണത്തിന് ദൈവനിയമിതമായ പരിശുദ്ധാത്മ അടയാളങ്ങളുടെയും, അത്ഭുതങ്ങളുടെയും, പരിശുദ്ധാത്മ വരങ്ങളുടെയും മറ്റും പരിശുദ്ധാത്മ ഇടപെടലുകൾക്ക് പകരം വയ്ക്കാവുന്നതല്ല എന്ന് ഞങ്ങൾ വിശ്വസിക്കുന്നു (1 കൊരിന്ത്യർ 2:4-5; എബ്രായർ 2:3-4). ഞങ്ങളുടെ പ്രതിപാദ്യവിഷയം യേശു, ഞങ്ങളുടെ ഉള്ളടക്കം വചനം, ഞങ്ങളുടെ രീതി ദൈവാത്മാവിന്റെ ശക്തി, ഞങ്ങളുടെ തല്പരത മനുഷ്യർ, ഞങ്ങളുടെ ലക്ഷ്യം ക്രിസ്തുസാനുസൃതമായ പക്വത.

ബാംഗ്ലൂരിലെ ഞങ്ങളുടെ കേന്ദ്രസ്ഥാപനമായ ഓൾ പീപ്പിൾസ് ചർച്ചിന് ഇന്ത്യയിൽ മറ്റ് നിരവധി സഭകളുണ്ട്. ഓൾ പീപ്പിൾസ് ചർച്ചിന്റെ സഭകൾ സ്ഥിതി ചെയ്യുന്ന സ്ഥലവിവരങ്ങൾ ലഭിക്കുന്നതിന് ഞങ്ങളുടെ വെബ്സൈറ്റായ **www.apcwo.org/locations** സന്ദർശിക്കുക. അല്ലെങ്കിൽ **www.apcwo.org/locations** ലേക്ക് ഇമെയിൽ അയയ്ക്കുക.

## നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ നിങ്ങൾക്കറിയാമോ?

ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് വന്നു. അവന്റെ പേരാണ് യേശു. തികച്ചും പാപരഹിതമായ ഒരു ജീവിതം താൻ നയിച്ചു. ദൈവം ജഡത്തിൽ യേശുവായി വന്നതുകൊണ്ട് അവൻ പറഞ്ഞും പ്രവർത്തിച്ചും ദൈവമായി നമുക്ക് വെളിപ്പെട്ടു. അവൻ പറഞ്ഞവയെല്ലാം ദൈവത്തിന്റെ യഥാർത്ഥ വാക്കുകളായിരുന്നു. അവൻ ചെയ്ത പ്രവൃത്തികളെല്ലാം ദൈവത്തിന്റെ പ്രവൃത്തികളായിരുന്നു. യേശു ലോകത്തിൽ അനവധി അത്ഭുതങ്ങൾ ചെയ്തു. രോഗികളെയും കഷ്ടതയനുഭവിക്കുന്നവരെയും അവൻ സൗഖ്യമാക്കി. അവൻ കുരുടന് കാഴ്ച നൽകി, ബധിരന് കേൾവി നൽകി, മുടന്തനെ നടക്കുമാറാക്കി. കൂടാതെ എല്ലാ രോഗങ്ങളെയും ബാധകളെയും അവൻ സൗഖ്യമാക്കി. അവൻ അപ്പത്തെ അത്ഭുതകരമായി വർദ്ധിപ്പിച്ച് ബഹുജനത്തിന് വിശപ്പകറ്റുകയും, കൊടുങ്കാറ്റിൻറെ ശൗര്യത്തെ ശമിപ്പിക്കുകയും മറ്റനവധി അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിക്കുകയും ചെയ്തു.

**ദൈവത്തിന്റെ ഇവ്വിധമുള്ള എല്ലാ പ്രവൃത്തികളും, മനുഷ്യരെല്ലാവരും ആരോഗ്യത്തോടും സന്തോഷത്തോടും സുഖമായും ഇരിക്കേണമെന്നാണ് അവൻ ആഗ്രഹിക്കുന്നതെന്ന കാര്യം വെളിപ്പെടുത്തുകയാണ്.**

അപ്പോൾ എന്തകൊണ്ടാണ് ദൈവം ഒരു മനുഷ്യനായി ഈ ലോകത്തിലേക്ക് ഇറങ്ങിവരേണമെന്ന് തീരുമാനിച്ചത്? എന്തിനാണ് യേശു വന്നത്?

നമ്മെ സൃഷ്ടിച്ചവനായ ദൈവത്തിന്റെ മുമ്പാകെ ദൈവത്തിന് സ്വീകാര്യമല്ലാത്ത പാപപ്രവൃത്തി നാമെല്ലാവരും ചെയ്തു. പാപത്തിന് അതിന്റെ പരിണിതഫലമുണ്ട്. പാപം എന്നത് ദൈവത്തിന്റെയും നമ്മുടെയും ഇടയ്ക്കുള്ള ഒരു വലിയ മതിൽ പോലെയാണ്. പാപം നമ്മെ ദൈവത്തിൽ നിന്ന് വേർതിരിക്കുന്നു. നമ്മെ സൃഷ്ടിച്ചവനെ അറിയുന്നതിനും അവനുമായി അർത്ഥവത്തായ ബന്ധം സ്ഥാപിക്കുന്നതും ഇത് തടയുന്നു. അതുകൊണ്ട്, ഈ ശൂന്യത പരിഹരിക്കുന്നതിന് മറ്റു പല കാര്യങ്ങളും ചെയ്യുവാൻ നമ്മിൽ പലരും ശ്രമിക്കുന്നു.

പാപത്തിന്റെ മറ്റൊരു പരിണിതഫലമാണ് ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാട്. ദൈവത്തിന്റെ കോടതിയിൽ പാപത്തിന്റെ ശിക്ഷ എന്നത് മരണമാണ്. ശാശ്വതമായി ദൈവത്തിൽ നിന്ന് നരകത്തിൽ വേർപെടുന്നതാണ് മരണം.

എന്നാൽ, സന്തോഷവാർത്ത എന്നത്, നമുക്ക് പാപത്തിൽ നിന്ന് രക്ഷപ്പെടുവാനും ദൈവീക ബന്ധത്തോട് പൂർവ്വസ്ഥിതിയിലേക്ക് ആകുവാനും സാധിക്കും എന്നതാണ്. ബൈബിൾ പറയുന്നത്, **പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ (റോമർ 6:23).** യേശു ക്രൂശിൽ മരണം വരിച്ചപ്പോൾത്തന്നെ മുഴുലോകത്തിന്റെയും പാപത്തിന് മറുവില നൽകിക്കഴിഞ്ഞു. മൂന്ന് ദിനങ്ങൾക്ക് ശേഷം അവൻ ഉയർത്തെഴുന്നേൽക്കുകയും അനേകർക്ക് തന്നെത്തന്നെ വെളിപ്പെടുത്തിയശേഷം സ്വർഗ്ഗത്തിലേക്ക് പോകുകയും ചെയ്തു.

ദൈവം സ്നേഹത്തിന്റെയും കരുണയുടെയും ദൈവമാണ്. ഒരു മനുഷ്യനും നരകത്തിൽ നഷ്ടപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നില്ല. ആയതിനാൽ അവൻ വന്ന് മാനുഷകുലത്തിന് മുഴുവൻ പാപപരിഹാരത്തിനുള്ള വഴി ഒരുക്കുകയും എന്നേയ്ക്കുമുള്ള അതിന്റെ ഫലം അനുഭവിക്കുവാൻ ഇടയാക്കുകയും ചെയ്തു. അവൻ എന്നെയും നിങ്ങളെയും പോലെയുള്ള പാപികളെ നിത്യമായ മരണത്തിൽ നിന്ന് രക്ഷിപ്പാനാണ് വന്നത്.

ഈ സൗജന്യമായ പാപക്ഷമ സ്വീകരിക്കുവാൻ നാം ഒരു കാര്യം മാത്രം ചെയ്യുവാനാണ് ബൈബിൾ ആവശ്യപ്പെടുന്നത് – **"അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമംമൂലം പാപമോചനം ലഭിക്കും എന്നു സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു" (അ.പ്രവർത്തികൾ 10:43).**

**"യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ട് വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9).**

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ താങ്കൾക്കും പാപക്ഷമയും ശുദ്ധീകരണവും സ്വീകരിക്കുവാൻ കഴിയും.

താഴെ കാണുന്ന വിധം ലളിതമായ ഒരു പ്രാർത്ഥന കഴിച്ചാൽ കർത്താവായ യേശുക്രിസ്തു താങ്കൾക്കുവേണ്ടി ക്രൂശിൽ നിവർത്തിച്ചത് എന്തെന്ന് അറിയുവാനും അവനിൽ വിശ്വസിക്കുവാനുള്ള തീരുമാനവും എടുക്കുവാൻ സഹായകമാകും. ഈ പ്രാർത്ഥനയിലൂടെ, താങ്കൾക്കുവേണ്ടി യേശു ചെയ്ത കാര്യങ്ങളെ അംഗീകരിപ്പാനും അതിലൂടെ നിങ്ങൾക്ക് പാപക്ഷമയും ശുദ്ധീകരണവും പ്രാപിക്കുവാൻ സാധിക്കും. ഈ പ്രാർത്ഥന ഒരു മാർഗ്ഗദർശി മാത്രമാണ്. നിങ്ങളുടേതായ സ്വന്തവാക്കുകളിലും നിങ്ങൾക്ക് പ്രാർത്ഥിക്കാവുന്നതാണ്.

സ്നേഹവാനായ കർത്താവായ യേശുവേ, അവിടുന്ന് എനിക്കുവേണ്ടി ക്രൂശിൽ ചെയ്തത് എന്തെന്ന് ഇന്ന് എനിക്ക് ബോധ്യമായി. അവിടുന്ന് എനിക്കുവേണ്ടിയാണ് മരിച്ചത്, എൻറെ പാപങ്ങൾക്ക് പ്രായശ്ചിത്തമായാണ് അങ്ങയുടെ വിലയേറിയ രക്തം ഒഴിക്കിയത്, അതുകൊണ്ട് എനിക്ക് പാപക്ഷമ ലഭിക്കും. ബൈബിൾ എന്നോടു പറയുന്നത്, നിങ്ങളിൽ ആരെല്ലാം അങ്ങയിൽ വിശ്വസിക്കുന്നുവോ അവരുടെ പാപങ്ങൾ ക്ഷമിക്കുമെന്നാണ്.

എനിക്കുവേണ്ടി അങ്ങ് ക്രൂശിൽ മരിക്കുകയും മരണത്തിൽ നിന്ന് അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും ഞാൻ അംഗീകരിക്കുകുയും വിശ്വസിക്കുകയും ചെയ്യുന്നു എന്ന് ഞാൻ ഇന്ന് തീരുമാനമെടുക്കുന്നു. എൻറെ നല്ലപ്രവർത്തികൾകൊണ്ട് എനിക്ക് എന്നെത്തന്നെ രക്ഷിക്കുവാൻ സാധ്യമല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. മാത്രമല്ല ഒരു മനുഷ്യനും അതിന് സാധ്യമല്ല എന്നും ഞാൻ അറിയുന്നു. എൻറെ പാപങ്ങളുടെ ക്ഷമ നേടിയെടുക്കുവാനും എനിക്ക് സ്വതവേ സാധ്യമല്ല.

അവിടുന്ന് എനിക്കുവേണ്ടി മരിച്ചു എന്നും, എൻറെ പാപങ്ങൾക്ക് പ്രായശ്ചിത്തം അവിടുന്ന് വരുത്തി എന്നും, മരണത്തിൽ നിന്നും അവിടുന്ന് ഉയിർത്തെഴുന്നേറ്റു എന്നും, ഇന്ന് ഞാൻ വിശ്വസിക്കുകയും വിശ്വാസത്താൽ എൻറെ പാപങ്ങളുടെ ക്ഷമയും വിശുദ്ധീകരണവും ഞാൻ സ്വീകരിക്കുകയും ചെയ്യുന്നു...

നന്ദി യേശുവേ. അങ്ങയെ സ്നേഹിക്കുവാനും, കൂടുതൽ അറിയുവാനും, അങ്ങയോടു
വിശ്വസ്തനായിരിപ്പാനും അവിടുന്ന് എന്നെ സഹായിക്കേണമേ. ആമേൻ.

# DOWNLOAD THE FREE APP!

*Search for*

"All Peoples Church Bangalore"
in the App or Google play stores.

Available on the App Store

ANDROID APP ON Google play




*A daily 5-minute video devotional.*
*A daily Bible reading and prayer guide.*
*5-minute Sermon summary.*
*Toolkit with Scriptures on various topics to build faith and information to share the Gospel.*
*Resources with sermons, sermon notes, TV programs, books, music and more.*

*IF YOU LOVE IT, TELL OTHERS ABOUT IT!*

# All Peoples Church Bible College

# apcbiblecollege.org

ഇന്ത്യയിലെ ബാംഗ്ലൂരിലുള്ള ഓൾ പീപ്പിൾസ് ചർച്ച് ബൈബിൾ കോളേജ് & മിനിസ്ട്രി ട്രെയ്നിംഗ് സെന്റെർ (APC-BC) ആത്മനിറവും, പരിശുദ്ധാത്മാവിന്റെ അഭിഷേകം നിറഞ്ഞതുമായ അമാനുഷിക ശക്തി ഏറ്റെടുത്ത് ശുശ്രൂഷിക്കുവാനും, അതൊടൊപ്പം ഉപദേശപരമായും ബൗദ്ധികമായും ദൈവവചനം പഠിക്കുവാനും ഉള്ള ഉത്തേജനം നൽകുന്നു. ദൈവവചനത്തെക്കുറിച്ച് ആഴത്തിലുള്ള അവഗാഹവും, ദൈവിക സ്വഭാവം സ്വായത്തമാക്കുവാനും, അടയാളങ്ങളാലും അത്ഭുതങ്ങളാലും പ്രകടമാകുന്ന ശുശ്രൂഷയും പ്രാപ്യമാകുന്നതിലൂടെ ദൈവവേലയെ വളർത്തിയെടുക്കാമെന്നും ഇവയെല്ലാം കർത്താവുമായുള്ള അകമഴിഞ്ഞ ഒരു ബന്ധത്തിലേക്ക് നയിക്കപ്പെടുന്നതിലൂടെ സാധ്യമെന്നും ഞങ്ങൾ വിശ്വസിക്കുന്നു.

APC-BC യിൽ, പ്രകടമാകേണ്ടുന്ന ദൈവസ്നേഹം സ്വായത്തമാക്കുവാനും, പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിനും അമാനുഷികമായ ദൈവപ്രവൃത്തികൾക്കും പ്രത്യേകം ഊന്നൽ നൽകുന്ന വിധത്തിലുമുള്ള അധ്യാപനമാണ് നൽകുന്നത്. ധാരാളം യുവതീയുവാക്കൾ ഇതിനോടകം പരിശീലിപ്പിക്കപ്പെടുകയും അവരിൽ ദൈവവിളി നിറവേറ്റുന്നതിനായി അയയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

മൂന്ന് പ്രോഗ്രാമുകളാണ് ഞങ്ങൾ നൽകുന്നത്:

ഒരു വർഷത്തെ Certificate in Theology and Christian Ministry (C.Th.)

രണ്ടു വർഷത്തെ Diploma in Theology and Christian Ministry (Dip.Th.)

മൂന്നു വർഷത്തെ Bachelor in Theology and Christian Ministry (B.Th.)

ദിവസേന വന്നുപോകുന്നവർക്ക് തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ **9:00**am-**1:00**pm വരെയും, ജോലിയുള്ളവർക്കും, ഗൃഹസ്ഥരായവർക്കും ഉച്ചയ്ക്കു ശേഷം 1 മണിക്കും ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്. താമസിച്ചു പഠിക്കുവാൻ ആഗ്രഹിക്കുന്ന യുവതീയുവാക്കൾക്ക് വെവ്വേറെ താമസ സൗകര്യങ്ങൾ ലഭ്യമാണ്. എല്ലാ പ്രവൃത്തി ദിനങ്ങളിലും ഉച്ചകഴിഞ്ഞ് **2:00-5:00** വരെയുള്ള സമയങ്ങളിൽ ഫീൽഡ് വർക്കിനും, പ്രത്യേകമായുള്ള സെമിനാറുകൾക്കും, പ്രാർത്ഥന, ആരാധന സമയങ്ങളിലും പഠിതാക്കൾ പങ്കാളികളാകുന്നു. ഉച്ചകഴിഞ്ഞുള്ള സെഷനുകളിൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കാത്തവർ പങ്കെടുക്കേണമെന്ന് നിർബന്ധമില്ല. എല്ലാ വാരാന്ത്യത്തിലും ഓരോ പഠിതാവും ഒന്നോ അതിലധികമോ സഭകളിൽ പങ്കെടുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നു.
ഓൺലൈനായി അപേക്ഷിക്കുന്നതിനും കോളേജിൻറെ പാഠ്യപദ്ധതി, യോഗ്യതാ മാനദണ്ഡങ്ങൾ, പഠനചെലവുകൾ, അപേക്ഷാ ഫോം എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുന്നതിന് ദയവായി സന്ദർശിക്കുക:

**apcwobiblecollege.org**

APC-BC is accredited by the Nations Association for Theological Accreditation (NATA)

നമ്മെ എല്ലാവരെയും, “വലിയതും ചെറിയതും” ആയ കാര്യങ്ങൾ ചെയ്യാൻ ദൈവം വിളിച്ചിട്ടുണ്ട് എന്നാൽ ദൈവത്തിന്റെ വിളി നിറവേറ്റുന്നതിൽ നിന്ന് നമ്മെ തടയാൻ കഴിയുന്ന നിരവധി വെല്ലുവിളികളെ നാം അഭിമുഖീകരിക്കേണ്ടി വരും. നിങ്ങളുടെ ശ്രദ്ധ മാറിപ്പോകാം, ജീവിതത്തിന്റെ ദൈനംദിന കാര്യങ്ങളിൽ കുടുങ്ങിപ്പോകാം അല്ലെങ്കിൽ വിജയം, സമ്പത്ത്, അല്ലെങ്കിൽ വ്യക്തിപരമായ അഭിലാഷങ്ങൾ എന്നിവ പിന്തുടരുന്നതിന് നിങ്ങളുടെ ഊർജ്ജം ചെലവഴിക്കപ്പെടാം. പരിശുദ്ധാത്മാവ് നിങ്ങൾക്ക് നൽകിയ വചനം, സ്വപ്നങ്ങൾ, ദർശനങ്ങൾ എന്നിവ മാറ്റിവെക്കപ്പെടാം/ ഉപേക്ഷിക്കപ്പെടാം.

ഈ പുസ്തകം നിങ്ങളെ ചലിപ്പിക്കുകയും നിങ്ങൾക്ക് സംഭവിക്കാൻ സാധ്യതയുള്ള കെണികളെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യും. ഒരു നല്ല പോരാട്ടം പോരാടുകയും നിങ്ങളുടെ മുന്നിൽ വെച്ചിരിക്കുന്ന ഓട്ടം പൂർത്തിയാക്കുകയും ചെയ്യുക!

ആശിഷ് റൈച്ചൂർ

All Peoples Church & World Outreach
#319, 2nd Floor, 7th Main, HRBR Layout,
2nd Block, Kalyan Nagar, Bangalore 560 043
Karnataka, INDIA

Phone: + 91-80-25452617
Email: contact@apcwo.org
Website: apcwo.org